**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1805

04.12.2018-ൽ മറുപടിക്ക്

**കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം**

| **ചോദ്യം**<br>ശ്രീ.എ. പ്രദീപ്കുമാർ | **മറുപടി**<br>ഡോ. കെ. ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കോഴിക്കോട് സിവിൽ സർവ്വീസ് അക്കാദമിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ എന്ന് മുതലാണ് ആരംഭിച്ചതെന്ന് വിശദമാക്കുമോ;<br><br>(ബി) ഈ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) & (ബി) 29.5.2008 ലെ സ.ഉ. (സാധാ) നം. 821/2008/ഉവിവ നമ്പർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്റർ കോഴിക്കോട് ആരംഭിക്കുന്നതിനു സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ചുങ്കം ഗവൺമെന്റ് യു. പി. സ്കൂൾ പരിസരത്ത് സബ് സെന്റർ താൽക്കാലികമായി പ്രവർത്തനം ആരംഭിച്ചു. തുടർന്ന് 2.8.2014 ലെ സ.ഉ. (എം.എസ്) 228/2014/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി, കോഴിക്കോട് സബ് സെന്ററിന് സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനായി തുരുത്തിയാട് അഴകൊടി ദേവി ക്ഷേത്രത്തിനു സമീപമുള്ള അടഞ്ഞു കിടക്കുന്ന PWD ജില്ലാ ഗോഡൗൺ പരിസരത്ത് ടി.എസ് - 5-23-1139/2 നമ്പറായി 54 സെന്റ് സ്ഥലം അനുവദിച്ചു.<br><br>കെട്ടിട നിർമ്മാണത്തിനായിട്ടുള്ള 175 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് സമർപ്പിക്കുകയുണ്ടായി. 23.2.2017 ലെ സ.ഉ. (സാധാ) 353/2017/ഉവിവ നം. ഉത്തരവ് പ്രകാരം 175 ലക്ഷം രൂപ ചെലവാക്കി കോഴിക്കോട് സബ് സെന്ററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി സർക്കാർ നൽകിയിട്ടുമുണ്ട്.<br><br>കൂടാതെ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് സി.സി.ഇ.കെ. യുടെ ടെക്നിക്കൽ കമ്മിറ്റി സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഭൂമിയുടെ മുൻ ഉടമസ്ഥരായ പൊതുമരാമത്ത് വകുപ്പ് പ്രസ്തുത ഭൂമിയിലുള്ള നിർമ്മിതികളും അനുബന്ധ ഉപകരണങ്ങളും നീക്കം ചെയ്ത് വസ്തു കൈമാറ്റം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് കാലതാമസമുണ്ടായി. 5.9.2018 ലെ കത്ത് പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രസ്തുത സ്ഥലം നടപടികൾ പൂർത്തിയാക്കി സി.സി.ഇ.കെ.യ്ക്ക് കൈമാറിയിട്ടുണ്ട്. അത് പ്രകാരം സ്വന്തം കെട്ടിട നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി കരാറിൽ ഏർപ്പെടുവാൻ സി.സി.ഇ.കെ. ഡയറക്ടർ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം കരാർ നടപ്പിലാക്കിയശേഷം മാത്രമേ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ് സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ആരംഭിക്കാൻ കഴിയൂ. |
| (സി) | പ്രസ്തുത കെട്ടിട നിർമ്മാണത്തിന് സർക്കാർ എത്ര തുകയാണ് വകയിരുത്തിയതെന്ന് വിശദമാക്കുമോ; | (സി) | 91 ലക്ഷം രൂപ |
| (ഡി) | കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | M/s. ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പുമായി കരാർ നടപ്പിലാക്കിയശേഷം മാത്രമേ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ് സെന്ററിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്ന നടപടികൾ ആരംഭിക്കാൻ കഴിയൂ. |

Manoj M

സെക്ഷൻ ഓഫീസർ.